File No.PLGEA-B3/44/2021-PLGEA

DIRECTORATE OF ECONOMICS AND STATISTICS VIKAS BHAVAN THIRUVANANTHAPURAM

150 YEARS OF CELEBRATING THE MAHATMA

"ഭരണഭാഷ- മാതൃഭാഷ"

25/2/21

കേരള സർക്കാർ

<u>സംഗ്രഹം</u>

ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് - സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് - ജീവനക്കാര്യം - റിസർച്ച് ഓഫീസർ ശ്രീ അനിൽകുമാർ എസ് ന് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് താൽക്കാലിക പ്രൊമോഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.113/2021/പ്ലാനിംഗ് തീയതി, തിരുവനന്തപുരം, 24/02/2021

---

പരാമർശം:- 1. 03/06/1999 -ലെ .5328/റൂൾസ് 1/1999/ഉഭപവ നമ്പർ സർക്കുലർ

2. 22/01/2021 ലെ സ.ഉ,(സാധാ)നം.38/2021/പ്ലാനിംഗ്

3. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ 15.02.2021 തീയതിയിലെ ഡിഇഎസ്/579/2021-ഇബി1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ജലസേചനവും ഭരണവും വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ റിസർച്ച് ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ അനിൽകുമാർ എസ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുവാനുള്ള ഉദ്യോഗസ്ഥരിൽ സീനിയോറിറ്റി പ്രകാരം ഒന്നാമത്തെ ഉദ്യോഗസ്ഥനാണെന്നും ടിയാൻ 30/04/2021-ൽ സേവനത്തിൽ നിന്നും വിരമിക്കുകയാണെന്നും പരാമർ ശം 2 പ്രകാരം അസ്സിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ച് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിൽ ജോലി ചെയ്തിരുന്ന ശ്രീ ഹബീബുള്ള പി. എം. 31/01/2021- ൽ സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ഒരൊഴിവ് നിലവിലുണ്ടെന്നും അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്കുള്ള 2021-ലെ സെലക്ട് ലിസ്റ്റ് തയ്യാറായിട്ടില്ലാത്തതിനാൽ ശ്രീ എസ്. അനിൽകുമാറിന് റെഗുലർ പ്രൊമോഷൻ നൽകുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നും സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. ശ്രീ.എസ്.അനിൽകുമാറിന് വളരെ ചുരുങ്ങിയ സേവനകാലം മാത്രമേ അവശേഷിക്കുന്നുള്ളൂ എന്നതിനാൽ ശ്രീ എസ്. അനിൽകുമാറിന് അസ്സിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് പ്രൊവിഷണൽ പ്രൊമോഷൻ നൽകി ഉത്തരവാകുന്നതിന് പരാമർശം 3 പ്രകാരം സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് പ്രൊവിഷണൽ പ്രൊമോഷന് നിലവിലുള്ള നിരോധനത്തിൽ ഇളവ്

**File No.PLGEA-B3/44/2021-PLGEA**

വരുത്തി KS&SSR Part II Rule 31 (a) (i) പ്രകാരം ശ്രീ.അനിൽകുമാർ. എസ്-ന് അസിസ്റ്റന്റ് ഡയറക്ടർ (₹.40500-85000) തസ്തികയിലേക്ക് താൽക്കാലിക പ്രൊമോഷൻ നൽകി ചുവടെ ചേർക്കും പ്രകാരം നിയമനം നൽകി ഉത്തരവാകുന്നു.

| പേരും നിലവിലെ തസ്തികയും ഓഫീസും | പ്രൊവിഷണൽ പ്രൊമോഷൻ നൽകി നിയമിക്കുന്ന തസ്തികയും ഓഫീസും . |
|---|---|
| ശ്രീ.അനിൽകുമാർ.എസ്,<br>റിസർച്ച് ഓഫീസർ,<br>ചീഫ് എഞ്ചിനീയറുടെ കാര്യാലയം,<br>ജലസേചനവും ഭരണവും, തിരുവനന്തപുരം. | അസിസ്റ്റന്റ് ഡയറക്ടർ (₹ 40500-85000)<br>ലേബർ & ഹൗസിംഗ് വിഭാഗം,<br>സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം.<br>(ശ്രീ.ഹബീബുള്ള.പി.എം വിരമിച്ച ഒഴിവിൽ) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
UDAYAKUMAR. A.R.
**അണ്ടർ സെക്രട്ടറി**

To

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ.അനിൽകുമാർ എസ്. , റിസർച്ച് ഓഫീസർ, ജലസേചനവും ഭരണവും വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം (ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് മുഖേന).
3. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

മേലെഴുത്ത് നമ്പർ.ഡിഇഎസ്/579/2021-ഇബി1, തീയതി: 25/2/2021

ഉത്തരവിൻ പ്രകാരം
Digitally signed by MANOJ K S
Date: 2021.02.2 14:45:03 IST
Reason: Approved
സെക്ഷൻ ഓഫീസർ

ഉത്തരവിന്റെ പകർപ്പ് ഉദ്യോഗസ്ഥരുടെ അറിവിലേക്കായി വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Saseendran S.
സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ,
ഡയറക്ടർക്കു വേണ്ടി.

To,
ഡെപ്യൂട്ടി ഡയറക്ടർ,
കമ്പ്യൂട്ടർ വിഭാഗം.